"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ (HDCK) അംഗീകൃത ഓഹരി മൂലധനം 3 കോടി രൂപയിൽ നിന്ന് 33 കോടി രൂപ ആയി വർധിപ്പിക്കുന്നതിനും അതിനനുസൃതമായി കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുമുള്ള അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(കൈ) നം.89/2023/ID തീയതി,തിരുവനന്തപുരം, 21-12-2023

---

പരാമർശം:-

1. 30.08.2022 -ലെ കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ HDCK/F &A/2022-23/ 1414 നമ്പർ കത്ത്.
2. G.O.(MS)No 50/2022/ID. തീയതി 09.06.2022.
3. 02.11.2023 -ലെ Public Enterprises Board -ന്റെ 12.30 PM -ന് നടന്ന യോഗത്തിന്റെ മിനുട്സ്.

**ഉത്തരവ്**

കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ equity figures സംസ്ഥാനത്തിന്റെ 2018 മാർ ച്ച് 31 -ന് അവസാനിച്ച ധനകാര്യ അക്കൗണ്ട്സിലെ അനുബന്ധ കണക്കുകളുമായി 0.29 കോടി രൂപയുടെ (29.375 ലക്ഷം രൂപ) വ്യത്യാസമുണ്ടെന്ന് അറിയിച്ച് കൊണ്ടുള്ള പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ ഒരു റിപ്പോർട്ട് കരകൗശല വികസന കോർപ്പറേഷന്റെ ഭരണ വകുപ്പായ വ്യവസായ വകുപ്പിന് ധനകാര്യ (BW-G) വകുപ്പ് കൈമാറിയിരുന്നു.

2.തുടർന്ന് സംസ്ഥാന സർക്കാരിൽ നിന്നുള്ള കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ യഥാർത്ഥ PAID UP ക്യാപിറ്റൽ 216 ലക്ഷം രൂപയാണെന്നും വ്യത്യാസമുള്ള 29.375 ലക്ഷം രൂപ ഷെയർ ആപ്ലിക്കേഷൻ ഇനത്തിലാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയതെന്നും കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ എം.ഡി അറിയിച്ചു. 16.09.2015 ലെ **G.O.(Rt) No.963/2015/ID** ഉത്തരവ് പ്രകാരം 2015-16 സാമ്പത്തിക വർഷം എക്സിബിഷൻ, ക്രാഫ്റ്റ് ബസാർ എന്നിവ സംഘടിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ ഷെയർ ക്യാപിറ്റലായിട്ടാണ് ടി തുക ലഭിച്ചത്. നിലവിൽ കോർപ്പറേഷന്റെ മൂലധനം 3 കോടി രൂപയാണെന്നും അതിൽ 277 ലക്ഷം രൂപയോളം ഇതിനോടകം തന്നെ paid up ആയെന്നും അവശേഷിക്കുന്ന 23 ലക്ഷം രൂപ ഷെയർ ക്യാപിറ്റൽ ആയി അനുവദിച്ച 29.375 ലക്ഷം രൂപയ്ക്കുള്ള ഷെയർ അനുവദിക്കുവാൻ അപര്യാപ്തമാണെന്നും, കൂടാതെ പ്രസ്തുത തുക ഗ്രാന്റ് ആക്കി മാറ്റാനുള്ള കോർപ്പറേഷന്റെ ആവശ്യം സർക്കാർ നിരസിച്ചെന്നും എം.ഡി അറിയിച്ചു. ആയതിനാൽ കോർപ്പറേഷന്റെ അംഗീകൃത മൂലധനം ഉയർത്തുന്നതിന് സർക്കാർ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക്, അംഗീകൃത മൂലധനം വർദ്ധിപ്പിക്കുന്നതിനും വ്യത്യാസമുള്ള 29.375 ലക്ഷം രൂപയ്ക്ക് ഷെയർ ഇഷ്യൂ ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും എം.ഡി അറിയിച്ചിരുന്നു.

3.കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ അംഗീകൃത മൂലധനം നിലവിൽ 3 കോടി രൂപയാണെന്നും, എന്നാൽ പരാമർശം (2) പ്രകാരം കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ സർക്കാർ ലോൺ ആയ 15.31 കോടി രൂപയും, 31/03/2019 വരെയുള്ള പലിശ ഇനത്തിലുള്ള തുകയായ 13.74 കോടി രൂപയും (ആകെ 29.05 കോടി രൂപ) സർക്കാർ ഓഹരി മൂലധനമാക്കി മാറ്റിയിട്ടുണ്ടെന്നും അതിനാൽ കോർപ്പറേഷന്റെ 3 കോടി രൂപയുടെ അംഗീകൃത മൂലധനം 33 കോടി രൂപയാക്കണമെന്നുള്ള ശിപാർശ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള കരകൗശല വികസന കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ (HDCK) അംഗീകൃത ഓഹരി മൂലധനം 3 കോടി രൂപയിൽ നിന്ന് 33 കോടി രൂപ ആയി

വർധിപ്പിക്കുന്നതിനും അതിനനുസൃതമായി കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും അംഗീകാരം നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗരഭ് ജെയിൻ
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള കരകൗശല വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ)/ആഡിറ്റ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം...............പ്രകാരം)
ധനകാര്യ വകുപ്പ് (07.07.2023 ലെ PU-D4/14/2018-Fin പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ (BPE) വകുപ്പ് ( (09.11.2023 ലെ BPE1/88/2023-PLGEA പ്രകാരം )
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( IND-K3/413/2017-IND )

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 21-12-2023 16:42:30
സെക്ഷൻ ഓഫീസർ